അടവി തരുക്കളിന്നിടയിൽ

ഒരുനാരകമെന്നപോലെ

വിശുദ്ധരിൻ നടുവിൽ കാണുന്നേ

അതിശ്രേഷ്ഠനാം യേശുവിനെ

വാഴ്ത്തുമേ എൻറെ പ്രിയനെ

ജീവകാലമെല്ലാം

ഈ മരുയാത്രയിൽ

നന്ദിയോടെ ഞാൻ പാടിടുമേ – 2

പനിനീർപുഷ്പം ശാരോനിലവൻ

താമരയുമേ താഴ്വരയിൽ

വിശുദ്ധരിൽ അതി വിശുദ്ധനവൻ

മാ–സൗന്ദര്യസമ്പൂർണ്ണനെ

വാഴ്ത്തുമേ

പകർന്ന തൈലംപോൽ നിൻനാമം

പാരിൽ സൗരഭ്യം വീശുന്നതാൽ

പഴി, ദുഷി, നിന്ദ, ഞെരുക്കങ്ങളിൽ

എന്നെ സുഗന്ധമായ് മാറ്റിടണേ

വാഴ്ത്തുമേ

മനഃക്ളേശ തരംഗങ്ങളാൽ

ദുഃഖസാഗരത്തിൽ മുങ്ങുമ്പോൾ

തിരുക്കരം നീട്ടിയെടുത്തണച്ച

ഭയപ്പെടേണ്ട എന്നുരച്ചവനെ

വാഴ്ത്തുമേ

തിരുഹിതമിഹെ തികച്ചിടുവാൻ

ഇതാ ഞാനിപ്പോൾ വന്നിടുന്നേ

എൻറെ വേലയെ തികച്ചുംകൊണ്ട്

നിൻറെ മുമ്പിൽ ഞാൻ നിന്നിടുവാൻ

വാഴ്ത്തുമേ

Adavi tharukkalinnidayil

orunaarakamennapole

vishuddharin naduvil kaanunne

athishreshttanaam yeshuvine

vaazhtthume ente priyane

jeevakaalamellaam

ee maruyaathrayil

nandhiyode njaan paadidume - 2

panineerpushpam shaaronilavan

thaamarayume thaazhvarayil - 2

vishuddharil athi vishuddhanavan

maa-saundaryasampoornnane - 2

vaazhtthume

pakarnna thylampol ninnaamam

paaril saurabhyam veeshunnathaal - 2

pazhi, dushi, ninda, njerukkangalil

enne sugandhamaayu maattidane - 2

vaazhtthume

manaklesha tharamgangalaal

dukhasaagaratthil mungumpol - 2

thirukkaram neettiyedutthanacchu

bhayappetenda ennuracchavane – 2

vaazhtthume

thiruhithamihe thikacchiduvaan

ithaa njaanippol vannidunne – 2

enite velaye thikacchumkondu

ninite mumpil njaan ninniduvaan – 2

vaazhtthume